**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **15-05-2017 ലെ**

**ചോദ്യം നം. 3868** **മറുപടി**

## ജലദൗർലഭ്യത്തിന്റെ അടിസ്ഥാനത്തിൽ ജലാശയങ്ങളെക്കുറിച്ച് പഠനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ**<br>**ശ്രീ.എൽദോ എബ്രഹാം** | | **മാത്യു.ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ ജലാശയങ്ങളുടെ എണ്ണം, വിസ്തീർണ്ണം, പരപ്പ്, ആഴം എന്നിവ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ വിവിധ ജലാശയങ്ങളുടെ എണ്ണം സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഇതു പ്രകാരം 44 പ്രധാന നദികൾ, 14 പ്രധാന കായലുകൾ, 40974 കുളങ്ങൾ, 58 ഡാമുകളുടെ റിസർവ്വോയറുകൾ എന്നിവയാണ് സംസ്ഥാനത്തുള്ളത്. കുളങ്ങളുടെ പരപ്പ്, വിസ്തീർണ്ണം, ആഴം എന്നീ വിവരങ്ങൾ ശേഖരിച്ച് അവയുടെ Geographic Location അനുസരിച്ച് മാപ്പ് ചെയ്തിട്ടുണ്ട്. കൂടുതൽ പഠനത്തിനും പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി ഓരോ കുളത്തിനും Unique Identification Number നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ കായലുകൾ, തടാകങ്ങൾ, കുളങ്ങൾ, കനാലുകൾ എന്നിവയുടെ എണ്ണം, വിസ്തീർണ്ണം, പരപ്പ്, ആഴം എന്നീ മാനദണ്ഡങ്ങളിൽ കുറവ് വന്നിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ കായലുകൾ, തടാകങ്ങൾ എന്നിവയുടെ എണ്ണം, വിസ്തീർണ്ണം, പരപ്പ്, ആഴം എന്നീ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ Encrochment, Siltation എന്നിവ കാരണം വിസ്തൃതിയിൽ മാറ്റം വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിലവിലെ ജലദൗർലഭ്യത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച സർക്കാർ തലത്തിൽ ഒരു പുനരവലോകനം നടത്തേണ്ടതിന്റെ ആവശ്യകത ബോധ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (സി) | ഉണ്ട്. ഈ വർഷം (2016-17) സംസ്ഥാനം നേരിട്ടത് വളരെ വലിയ ജലദൗർലഭ്യമാണ്. മഴയുടെ ലഭ്യതയിൽ വന്ന കുറവാണ് ഇതിന് കാരണമായത്. സംസ്ഥാനത്തെ ജലസ്രോതസ്സുകൾ പൂർണ്ണമായി സംരക്ഷിച്ച് മഴക്കാലത്ത് ലഭ്യമാകുന്ന ജലം പൂർണ്ണതോതിൽ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും അതോടൊപ്പം പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യവും ബോധ്യമാണ്. സർക്കാരിന്റെ ഹരിതകേരളം പദ്ധതിയിലും കേന്ദ്ര സഹായത്തോടെ-യുള്ള PMKSY പദ്ധതിയിലും കുളങ്ങളും ജലസ്രോതസ്സുകളും പുനരുദ്ധരിക്കുവാനുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**